"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ കോഴിക്കോട് ഡിവിഷനിലെ കുറ്റ്യാടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ആയ ശ്രീമതി. കെ.നീതു ഫയൽ ചെയ്ത ഒ.എ. (ഇ കെ എം) 35/2021 കേസിൻമേലുള്ള 05.02.2021 തീയതിയിലെ ഉത്തരവ് നടപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.135/2021/വനം തീയതി,തിരുവനന്തപുരം, 28/04/2021.

---

പരാമർശം:- 1 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. (ഇ കെ എം) 35/2021 കേസിൻമേലുള്ള 05.02.2021 തീയതിയിലെ ഉത്തരവ്.

2 ശ്രീമതി.നീതു.കെ സമർപ്പിച്ച 10.02.2021 തീയതിയിലെ നിവേദനം.

3 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 16.03.2021 തീയതിയിലെ ഡി1-169963/2021 നം. കത്ത്.

<u>ഉത്തരവ്</u>

വനം വകുപ്പിൽ കോഴിക്കോട് ഡിവിഷനിലെ കുറ്റ്യാടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീമതി. കെ.നീതുവിനെ, വാളയാറിലെ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇൻസ്ട്രക്ടർ ആയി സ്ഥലം മാറ്റിയ ഭരണ വിഭാഗം ഉപ മുഖ്യ വനപാലകന്റെ 31.12.2020 തീയതിയിലെ ഉത്തരവ് റദ്ദാക്കുന്നതിനായി, ടിയാരി ഫയൽ ചെയ്ത ഒ.എ. (ഇ കെ എം) 35/2021 നമ്പർ കേസിൽ, സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലമാറ്റം സംബന്ധിച്ച 25/02/2017-ലെ സ.ഉ(പി)3/2017/ഉ.ഭ.പ.വ നം. ഉത്തരവിലെ മാർഗ്ഗ നിർദേശ പ്രകാരം, ഒന്നാം കക്ഷിയായ സർക്കാരിൽ, ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനകം ഒരു നിവേദനം നൽകുവാനും, നിവേദനം ലഭിച്ച് ഒരു മാസത്തിനകം ഒന്നാം കക്ഷി ഈ നിവേദനത്തിന്മേൽ തീരുമാനം എടുത്ത് അപേക്ഷകയെ അറിയിക്കുവാനും, അതുവരെ ശ്രീമതി നീതുവിന് നിലവിലെ സ്റ്റേഷനിൽ തുടരുവാനും അനുമതി നൽകി, പരാമർശം ഒന്ന് പ്രകാരം ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം അപേക്ഷക സർക്കാരിൽ നിവേദനം നൽകി. വനംവകുപ്പിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായി 24.02.2012 ൽ ജോലിയിൽ പ്രവേശിച്ച അപേക്ഷക വിവിധ ജില്ലകളിൽ സേവനമനുഷ്ഠിച്ച ശേഷം 22/06/18-ലാണ് കുറ്റ്യാടി റെയ്ഞ്ചിൽ ചുമതലയേറ്റത് എന്നും, കോഴിക്കോട് സ്വദേശിയായ ടിയാളുടെ ഭർത്താവ് മലപ്പുറം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ ജോലി ചെയ്യുന്നുവെന്നും, മാത്രമല്ല 10-ഉം 5-ഉം വയസ്സ് പ്രായമുള്ള കുട്ടികളും മാതാവും വീട്ടിലുണ്ട് എന്നും അറിയിക്കുയുണ്ടായി. അച്ചടക്കനടപടിയോ അനുകമ്പാർഹമായ കാരണമോ അല്ലാതെ ഒരാളെയും 3 വർഷക്കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് സ്ഥലംമാറ്റാൻ പാടില്ല എന്ന് സർക്കാർ ജീവനക്കാരുടെ സ്ഥലമാറ്റം സംബന്ധിച്ച ഉത്തരവിൽ വിവക്ഷിക്കുന്നുണ്ട് എന്നും, 3 വർഷക്കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് അപേക്ഷകയെ സ്ഥലംമാറ്റിയ നടപടി സർക്കാർ ഉത്തരവിലെ വ്യവസ്ഥകളുടെ ലംഘനമാണ് എന്നും, അതു കൂടാതെ കോവിഡ്-19 വ്യാപനത്തെ തുടർന്ന് ചെറിയ കുട്ടികളുടെ മാതാപിതാക്കളായ ജീവനക്കാർക്ക് ഒട്ടേറെ ഇളവുകൾ പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലും, അപേക്ഷകയെ സ്ഥലംമാറ്റിയ ഉത്തരവ് നിയമവിരുദ്ധമാണ് എന്നും ആയതു റദ്ദ് ആക്കണമെന്നും അപേക്ഷക ആവശ്യപ്പെടുകയുണ്ടായി .സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വാളയാറിൽ കാര്യക്ഷമതയും ചുറുചുറുക്കുമുള്ള യുവ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ സാന്നിധ്യം അനിവാര്യമാണെങ്കിൽ അപേക്ഷകയെക്കാൾ പ്രായം കുറഞ്ഞതും കാര്യക്ഷമതയുള്ളതുമായ നിരവധി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ ഉണ്ടെന്നും, അവരെ നിയമിക്കാമായിരുന്നുവെന്നും, അവരുടെ പേരു വിവരം സഹിതം അപേക്ഷക അറിയിക്കുയുണ്ടായി.

3. ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ ഇത് സംബന്ധിച്ച് പരാമർശം (3) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന

കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. സ്ഥലമാറ്റ നടപടികളിൽ ആക്ഷേപമുണ്ടെന്നിരിക്കെ സർക്കാർ ഉത്തരവിന് വിധേയമായി മേലധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ച് പരിഹാരം തേടാതെതന്നെ അപേക്ഷക ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയായിരുന്നു. വനംവകുപ്പിലെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക സംസ്ഥാനതല നിയമനം ആകയാൽ അപേക്ഷക വനംവകുപ്പിനു കീഴിലുള്ള എല്ലാ റെയ്ഞ്ചിലും ജോലി ചെയ്യുവാൻ ബാദ്ധ്യസ്ഥയാണ്. വനം വകുപ്പിൽ 205 റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ നിലവിലുണ്ട്. എന്നാൽ 127 സ്ഥിരം ഉദ്യോഗസ്ഥർ മാത്രമേ നിലവിലുള്ളൂ. ശേഷിക്കുന്ന 78 പേരുടെ റിക്രൂട്ട്മെന്റും, പരിശീലനത്തിനുള്ള നടപടികളും ആരംഭിച്ചിട്ടേയുള്ളൂ. പരിശീലനം പൂർത്തിയാക്കി ചുരുങ്ങിയത് രണ്ടര വർഷമെങ്കിലും കഴിഞ്ഞ് മാത്രമേ പുതുതായി റിക്രൂട്ട് ചെയ്യുന്നവർക്ക് സ്ഥിരചുമതല നൽകുവാനാകൂ. ഈ സാഹചര്യത്തിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നും താൽക്കാലിക സ്ഥാനകയറ്റം നൽകി നിയമിച്ചാണ് ഫോറസ്റ്റ് ഓഫീസർമാരുടെ കുറവ് പരിഹരിക്കപ്പെടുന്നത്. അപ്രകാരം എല്ലാ ജീവനക്കാർക്കും സ്വന്തം ജില്ലയിൽതന്നെ നിയമനം നൽകുക എന്നത് പ്രായോഗികമല്ല. സർക്കാർ ജീവനക്കാരെ വിദൂരസ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടെങ്കിലും വനംവകുപ്പിനെ സംബന്ധിച്ചിടത്തോളം ഈ നിബന്ധന പൂർണ്ണമായും പാലിക്കുവാൻ പ്രായോഗിക തടസ്സങ്ങളുണ്ട്. കേരളത്തിലെ ഭൂരിഭാഗം വനം റെയ്ഞ്ചുകളും ഒറ്റപ്പെട്ട വിദൂരങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. മാത്രമല്ല നിലവിൽ നിരവധി വനിതകൾ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി വിദൂരസ്ഥലങ്ങളിൽ പ്രതികൂല സാഹചര്യങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്നുമുണ്ട്.

4. തൊഴിലിലെ മികവും ഭരണപാടവും കണക്കിലെടുത്താണ് ഉത്തരവാദിത്വമുള്ള ഓരോ ചുമതലകൾ/തസ്തികകൾ നൽകപ്പെട്ടിട്ടുള്ളത്. അപ്രകാരമാണ് സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് അപേക്ഷകയ്ക്ക് പകരം നിയമിക്കപ്പെടുന്നതിന് അപേക്ഷയിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള വനിത റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ നിയമിച്ചിട്ടുള്ളത്. സർക്കാർ ജീവനക്കാരുടെ സ്ഥലമാറ്റം സംബന്ധിച്ച ഉത്തരവിൽ പൊതുതാൽപര്യത്തിന് വിധേയമായി ഒരു ജീവനക്കാരനെ സ്ഥലംമാറ്റേണ്ടത് ആവശ്യമാണെന്ന് ബോധ്യമുള്ള പക്ഷം സർക്കാരിന് ജീവനക്കാരനെ ഉടൻതന്നെ സ്ഥലംമാറ്റാവുന്നതാണ്. അപ്രകാരം ഓഫീസിന്റെ കാര്യക്ഷമതയും, സുഗമമായ പ്രവർത്തനത്തിനും വേണ്ടിയാണ് അപേക്ഷകയെ സ്ഥലം മാറ്റി നിയമിച്ചത് എന്നും, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വാളയാറിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ പരിശീലനത്തിന് ധാരാളം വനിതകൾ ഉള്ളതായും, നിലവിൽ പുരുഷൻമാരായ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ മാത്രമാണ് അവിടെ ട്രെയിനികളായി ജോലി ചെയ്യുന്നത് എന്നും, മികച്ച ആശയവിനിമയപാടവവും, കർമ്മശേഷിയുമുള്ള ഉദ്യോഗസ്ഥരെ തന്നെ പരിശീലകരായി നിയമിക്കുക എന്ന പൊതുതാൽപര്യമാണ് അപേക്ഷകയുടെ സ്ഥലംമാറ്റത്തിന് പിന്നിലുള്ളത് എന്നും ഭരണ വിഭാഗം ഉപ മുഖ്യ വനപാലകൻ അറിയിക്കുകയുണ്ടായി.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 25.02.2017 തീയതിയിലെ സ.ഉ(പി)3/2017/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ജീവനക്കാരുടെ പൊതുസ്ഥലമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഓഫീസിന്റെ കാര്യ ക്ഷമതയ്ക്കും സുഗമമായ പ്രവർത്തനത്തിനും സ്ഥലമാറ്റം ആവശ്യമാണെങ്കിൽ ഒരു ജീവനക്കാരനെ മൂന്ന് വർഷ കാലാവധിയ്ക്ക് മുൻപ് തന്നെ സ്ഥലമാറ്റം ചെയ്യാവുന്നതാണ്. ഓഫീസിന്റെ കാര്യക്ഷമതയും, സുഗമമായ പ്രവർത്തനത്തിനും പുതിയ തലമുറയിൽപ്പെട്ട വനസംരക്ഷണ സേനാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിന് കാര്യപ്രാപ്തിയും ആശയവിനിമയപാടവവുമുള്ള റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറെ ഇൻസ്ട്രക്ടറായി നിയമിക്കുക എന്ന പൊതുതാൽപര്യത്തിന് വിധേയമായാണ് അപേക്ഷകയെ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വാളയാറിലേക്ക് നിയമിക്കുന്നതിന് ഇടയാക്കിയിട്ടുള്ളത് എന്നു കാണുന്നു.

6. നിലവിൽ ശ്രീമതി. കെ.നീതുവിനു മൂന്ന് വർഷത്തിനടുത്തു സേവനം കോഴിക്കോട് ഡിവിഷനിലെ കുറ്റ്യാടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസിൽ ആയിട്ടുണ്ട്. വനംവകുപ്പിലെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക സംസ്ഥാനതല നിയമനം ആകയാൽ അപേക്ഷക വനംവകുപ്പിനു കീഴിലുള്ള എല്ലാ റെയ്ഞ്ചിലും ജോലി ചെയ്യുവാൻ ബാദ്ധ്യസ്ഥയാണ്. മാത്രമല്ല കേരളത്തിലെ വനമേഖലയിലെ റെയ്ഞ്ച് ഓഫീസുകൾ മിക്കതും വിദൂരസ്ഥലങ്ങളിലായതിനാൽ ദൂരപരിധി മാത്രം പരിഗണിച്ച് സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിക്കുക എന്നത് പ്രായോഗികവുമല്ല.

7. മേൽ സാഹചര്യത്തിൽ, കോഴിക്കോട് ഡിവിഷനിലെ കുറ്റ്യാടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ആയ ശ്രീമതി.

കെ.നീതുവിനെ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, വാളയാറിൽ ഇൻസ്ട്രക്ടർ ആയി സ്ഥലം മാറ്റിയ നടപടി ശരിവെച്ച് കൊണ്ടും, കോഴിക്കോട് ജില്ലയിൽ ഇനി വരുന്ന ഒഴിവുകളിൽ അപേക്ഷകയെ നിയമിക്കുന്ന കാര്യത്തിൽ 25.02.2017 തീയതിയിലെ സ.ഉ(പി)3/2017/ഉ.ഭ.പ.വ നം. ഉത്തരവിലെ മാർഗ്ഗ നിർദേശങ്ങൾക്കനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ മുഖ്യവനപാലനോട് നിർദ്ദേശിച്ച് കൊണ്ടും , റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ആയ ശ്രീമതി. കെ.നീതു ഫയൽ ചെയ്ത ഒ.എ. (ഇ കെ എം) 35/2021 കേസിൻമേലുള്ള പരാമർശം (1) പ്രകാരമുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAJEEVAN M K
അണ്ടർ സെക്രട്ടറി

മുഖ്യവനപാലകൻ, തിരുവനന്തപുരം.
ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.
ശ്രീമതി. കെ.നീതു, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, കുറ്റ്യാടി റെയ്ഞ്ച്, കോഴിക്കോട്- 673 508.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വെബ്& ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NOUSHAD S
Date: 2021.04.20 11:02:41 IST
Reason: Approved

സെക്ഷൻ ഓഫീസർ.

പകർപ്പ് -വനം വന്യജീവി(പാർലമെന്റ്) വകുപ്പ്.